**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2944 — 18.06.2018 -ൽ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ സബ് ഡിവിഷൻ ഓഫീസുകൾ**

**ചോദ്യം**

ശ്രീ.എം. രാജഗോപാലൻ :

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകളിൽ ഇനിയും അനുവദിക്കാൻ ബാക്കിയുള്ള സബ് ഡിവിഷൻ (താലൂക്ക്തലം) ഓഫീസുകൾ ഏതൊക്കെയെന്നും ഇവ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്ക് ഓഫീസുകളുടെ അധികാര പരിധിയിൽ താലൂക്ക് സപ്ലൈ ഓഫീസുകൾ മാത്രമാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. വെള്ളരിക്കുണ്ട് താലൂക്കിൽ പുതിയ ജോയിന്റ് ആർ.ടി.ഒ ഓഫീസ് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിലും ഓഫീസ് എവിടെ സ്ഥാപിക്കണമെന്ന തീരുമാനം ആയിട്ടില്ലാത്തതിനാൽ നാളിതുവരെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

റവന്യൂ വകുപ്പിൻ കീഴിൽ താലൂക്ക് തലത്തിൽ സബ്ഡിവിഷൻ ഓഫീസുകളൊന്നും തന്നെ നിലവിലില്ല. സബ്ഡിവിഷൻ (താലൂക്ക്തലം) ഓഫീസുകളുടെ ആവശ്യകത പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്.

**സെക്ഷൻ ഓഫീസർ**